# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 749 02.12.2015-ൽ മറുപടിക്ക്

**കാൻസർ ബോധന - നിയന്ത്രണ ചികിൽസാ പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ | ശ്രീ.വി.എസ്.ശിവകുമാർ |
| " വി.ഡി. സതീശൻ | (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| " പി.സി. വിഷ്ണുനാഥ് | |
| " എം.എ. വാഹിദ് | |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാൻസർ ബോധന - നിയന്ത്രണ ചികിൽസാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ; | (ബി) | ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന ജനവിഭാഗങ്ങളിൽ ഫീൽഡ് തലത്തിൽ ക്യാൻസർ രോഗനിർണ്ണയവും ബോധവൽക്കരണവും, രോഗം കണ്ടെത്തുന്നവർക്ക് ക്യാൻസർ സെന്ററുകൾ വഴി ചികിത്സ നൽകൽ എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.<br>മുൻകൂട്ടി കണ്ടെത്താൻ സാദ്ധ്യമായതും പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയ ക്യാൻസർ എന്നീ ക്യാൻസറുകളാണ് ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആശാ പ്രവർത്തകരിലൂടെ രോഗ ലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തി പി.എച്ച്.സി./ സി.എച്ച്.സി തലത്തിൽ രോഗനിർണ്ണയം നടത്തി രോഗികളെ മുൻകൂട്ടി കണ്ടെത്തി ചികിത്സിയ്ക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രവർത്തന രീതി. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | 2013-14 ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ഈ പദ്ധതി അവതരിപ്പിച്ചത്. തുടർന്ന് ആരോഗ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആർ.സി.സി.യുടേയും ആരോഗ്യവകുപ്പിന്റേയും ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത ഉന്നതതല മീറ്റിംഗ് കൂടുകയും ക്യാൻസർ സെന്ററിനോട് പദ്ധതി തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ആർ.സി.സി നൽകിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ എഴുപത് (70) ഡോക്ടർമാർക്കും തൊണ്ണൂറ്റി അഞ്ച് (95) നഴ്സുമാർക്കും റീജണൽ ക്യാൻസർ സെന്ററിൽ പരിശീലനം നൽകുകയുണ്ടായി. ആദ്യ ഘട്ടത്തിൽ ആറ് ജില്ലകളിൽ ഈ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. എന്നാൽ ഫണ്ട് ലഭിക്കാത്തതിനെ തുടർന്ന് എൻ.സി.ഡി പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുക ഉണ്ടായി.<br><br>കുടുംബശ്രീയുമായി സഹകരിച്ച് "സ്വാസ്ഥ്യം" പദ്ധതി പത്തനംതിട്ട ജില്ലയിൽ നടന്നുവരുന്നുണ്ട്. നാഷണൽ സേവിംഗ്സ് സ്കീം പ്രവർത്തകർക്ക് പരിശീലനം നൽകുക വഴി അവർ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വീടുവീടാന്തരം ക്യാൻസർ നിയന്ത്രണ-പ്രതിരോധ സന്ദേശം എത്തിക്കുവാൻ ശ്രമിക്കുന്നുണ്ട്. ഇതു കൂടാതെ സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ പദ്ധതികൾ ആവിഷ്കരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ